**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2238** **16-03-2022 - ൽ മറുപടിയ്ക്ക്**

**പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | null<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് പുറത്തുനിന്നും പഠനം പൂർത്തിയാക്കുന്ന പാരാമെഡിക്കൽ വിദ്യാർത്ഥികൾക്ക് കേരള പാരാമെഡിക്കൽ കൗൺസിൽ നിലവിൽ രജിസ്ട്രേഷൻ അനുവദിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ; | (എ) | സംസ്ഥാനത്തിന് പുറത്തുനിന്നും പഠനം പൂർത്തിയാക്കുന്ന പാരാമെഡിക്കൽ വിദ്യാർത്ഥികൾക്ക് കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ അനുവദിച്ചിരുന്നില്ല. 08/12/2021 ന് നടന്ന കേരള പാരാമെഡിക്കൽ കൗൺസിൽ മീറ്റിംഗിൽ കേരളത്തിനു പുറത്ത് യു.ജി.സി അംഗീകാരമുള്ളതോ അതാത് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിന്റെ അംഗീകാരമുള്ളതോ ആയ സ്ഥാപനങ്ങളിൽ നിന്നും പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പഠനം പൂർത്തിയാക്കുന്ന അതാത് സംസ്ഥാനത്തെ Regulatory Body യുടെ രജിസട്രേഷൻ ഉണ്ടെങ്കിൽ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാം എന്നു തീരുമാനിക്കുകയും 08/03/2022 ലെ GO (Ms) 52/2022/ആ.കു.വ നം, ഉത്തരവ് പ്രകാരം കൗൺസിലിന്റെ ഈ തീരുമാനത്തിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ സർക്കാർ/സ്വകാര്യ മേഖലയിലെ ആശുപത്രികളിലും ഇതര ആരോഗ്യ സ്ഥാപനങ്ങളിലും പാരാമെഡിക്കൽ വിഭാഗം ജോലികൾക്ക് സംസ്ഥാന പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കീഴിൽ വരുന്ന പാരാമെഡിക്കൽ വിഭാഗം ജോലികൾക്ക് കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ വരുന്ന പാരാമെഡിക്കൽ വിഭാഗം ജോലികൾക്ക് കൗൺസിൽ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടില്ല. |
| (സി) | കേരളത്തിന് പുറത്തുനിന്നും കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് കൗൺസിൽ രജിസ്ട്രേഷൻ ലഭ്യമാക്കാത്തത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് പരിഹാരം കാണുമോ; വിശദമാക്കാമൊ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഉത്തരവ് GO (Rt) No. 1504/2008/H&FWD പ്രകാരം കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും മറ്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും പാരാമെഡിക്കൽ ഡിപ്ലോമ/ഡിഗ്രി കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്കു മാത്രമേ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ |

| | | | |
|---|---|---|---|
| | | | നൽകിയിരുന്നുള്ളൂ. എന്നാൽ 08/12/2021 ന് നടന്ന കേരള പാരാമെഡിക്കൽ കൗൺസിൽ യോഗത്തിൽ കേരളത്തിനു പുറത്ത് യു.ജി.സി അംഗീകാരമുള്ളതോ അതാത് സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിന്റെ അംഗീകാരമുള്ളതോ ആയ സ്ഥാപനങ്ങളിൽ നിന്നും പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പഠനം പൂർത്തിയാക്കുന്ന അതാത് സംസ്ഥാനത്തെ Regulatory Body യുടെ രജിസ്ട്രേഷൻ ഉണ്ടെങ്കിൽ കേരള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാം എന്നു തീരുമാനിക്കുകയും 08/03/2022 ലെ GO (Ms) 52/2022/ആ.കു.വ നം. ഉത്തരവ് പ്രകാരം കൗൺസിലിന്റെ ഈ തീരുമാനത്തിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ